REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 04-09-2024 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി ബ്രൂണെ സുൽത്താൻ ഹാജി ഹസനാൽ ബോൾക്കിയ-യുമായി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും.
- കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ രാജ്യസഭാംഗമായി രാവിലെ സത്യപ്രതിജ്ഞ ചെയ്യും.
- ഗുജറാത്തിലെ പോർബന്തർ തീരത്ത് തിങ്കളാഴ്ച രാത്രി കോസ്റ്റ് ഗാർഡ് ഹെലികോപ്റ്റർ കടലിൽ വീണുണ്ടായ അപകടത്തിൽ മാവേലിക്കര സ്വദേശിയായ പൈലറ്റ് മരിച്ചു.
- വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മാറ്റിവെച്ച 70-ാമത് നെഹ്‌റു ട്രോഫി വള്ളംകളി ഈ മാസം 28ന്.
- പാരീസ് പാരാലിമ്പിക്സിൽ ആറാം ദിവസം ഇന്ത്യയ്ക്ക് അഞ്ച് മെഡലുകൾ.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ബ്രൂണെ സുൽത്താൻ ഹാജി ഹസനാൽ ബോൾക്കിയ-യുമായി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും. ഏതാനും ധാരണാപത്രങ്ങളും ഇരുനേതാക്കളും ഒപ്പുവെച്ചേക്കും.

ഡെസ്ക്ക് റിപ്പോർട്ട്

...............(വോയ്സ്)................

ബ്രൂണെ- സിങ്കപ്പൂർ സന്ദർശനത്തിന്റെ ആദ്യപാദത്തിൽ ഇന്നലെ ബ്രൂണെയിലെ ബന്ദർ സെരി ബെഗവനിലെത്തിയ പ്രധാനമന്ത്രിയ്ക്ക് ആചാരപരമായ വരവേൽപ്പ് ഒരുക്കിയിരുന്നു. കിരീടാവകാശിയും മുതിർന്ന

മന്ത്രിയുമായി ഹാജി അൽ മുഹ്താദി ബിലാഹ്  അദ്ദേഹത്തെ സ്വീകരിച്ചു. ബ്രൂണെ സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ് നരേന്ദ്രമോദി.

ഇന്നലെ ബന്ദർ സെരിയിലെ ഇന്ത്യൻ ഹൈക്കമ്മീഷന്റെ പുതിയ ഓഫീസ് മന്ദിരം നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു. തുടർന്ന് അദ്ദേഹം ഒമർ അലി സൈഫുദ്ദീൻ മോസ്കും സന്ദർശിച്ചു.

ഇന്ന് വൈകിട്ട് സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ പ്രധാനമന്ത്രി സിങ്കപ്പൂരിലേക്ക് പോകും. പ്രധാനമന്ത്രി ലോറൻസ് വോങിന്റെ ക്ഷണപ്രകാരമെത്തുന്ന നരേന്ദ്രമോദി, ഇന്ത്യ- സിങ്കപ്പൂർ തന്ത്രപര പങ്കാളിത്തത്തിലെ പുരോഗതി വിലയിരുത്തും. ആഗോള പ്രാദേശിക വിഷയങ്ങളിലെ കാഴ്ചപ്പാടുകളും അവർ പങ്കുവെയ്ക്കും.

✪✪✪

കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ രാജ്യസഭാംഗമായി രാവിലെ 11 - ന് സത്യപ്രതിജ്ഞ ചെയ്യും. പാർലമെന്റ് മന്ദിരത്തിൽ ഉപരാഷ്ട്രപതിയും, രാജ്യസഭാ ചെയർമാനുമായ ജഗദീപ് ധൻകർ അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുക്കും. മധ്യപ്രദേശിൽ നിന്നാണ് ജോർജ് കുര്യനെ രാജ്യസഭാംഗമായി തിരഞ്ഞെടുത്തത്.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു മാഹാരാഷ്ട്രയിലെ ലത്തൂരിൽ വിശ്വശാന്തി ബുദ്ധ വിഹാരം ഇന്ന് ഉദ്ഘാടനം ചെയ്യും. ഉദയഗിരി കോളജ് ഗ്രൗണ്ടിൽ മഹിളാ ആനന്ദ് മേളവയിലും രാഷ്ട്രപതി പങ്കെടുക്കും.

✪✪✪

ഗുജറാത്തിലെ പോർബന്തർ തീരത്ത്  തിങ്കളാഴ്ച രാത്രി കോസ്റ്റ് ഗാർഡ് ഹെലികോപ്റ്റർ കടലിൽ വീണുണ്ടായ അപകടത്തിൽ മാവേലിക്കര സ്വദേശിയായ പൈലറ്റ് മരിച്ചു. സീനിയർ ഡെപ്യൂട്ടി കമാൻഡന്റ് വിപിൻ ബാബുവാണ് മരിച്ചത്.

രണ്ട് പൈലറ്റുമാരടക്കം നാലു പേരാണ് ഹെലികോപ്റ്ററിലുണ്ടായിരുന്നത്. ഒരാളെ രക്ഷപ്പെടുത്തി.

എണ്ണ ടാങ്കറായ M T ഹരിലീലയുടെ സമീപത്തേക്ക് രക്ഷാപ്രവർത്തനത്തിനായി പോകുന്നതിനിടെ അടിയന്തരമായി ഹെലികോപ്റ്റർ കടലിലിറക്കുന്നതിനിടെ ആയിരുന്നു അപകടം.

✪✪✪

മുണ്ടക്കൈ ഉരുൾപൊട്ടൽ  ദുരന്തത്തിൽ വീടും ജീവനോപാധിയും നഷ്ടപ്പെട്ടവർക്ക് നൽകുന്ന അടിയന്തിര സഹായവും വീട്ടു വാടകയും വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയന്, ലോക്സഭാ

പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി കത്തെഴുതി. വീട് നഷ്ടപ്പെട്ടവർക്ക് വാടകയായി നൽകുന്ന ആറായിരം രൂപ അപര്യാപ്തമാണെന്ന് അദ്ദേഹം പറഞ്ഞു. താൽക്കാലിക ആശ്വാസമായ പതിനായിരം രൂപയും കുറവാണന്ന് രാഹുൽ ഗാന്ധി അഭിപ്രായപ്പെട്ടു. തുക വർദ്ധിപ്പിച്ചു നൽകണമെന്ന് കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

✪✪✪

ഫാർമസ്യൂട്ടിക്കൽ കമ്പനികളിൽ നിന്ന് ദർഘാസ് നൽകി മരുന്നുകൾ വാങ്ങുന്നതിനു മുൻപ്, പൊതുമേഖലാ സ്ഥാപനമായ കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡിൽ നിന്ന് മരുന്ന് സംഭരിക്കാൻ സംസ്ഥാന മെഡിക്കൽ സർവീസസ് കോർപറേഷന് അനുമതി നൽകി. തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ പുതിയ ലോജിസ്റ്റിക്സ് നയം രണ്ടാഴ്ചക്കകം പ്രഖ്യാപിക്കുമെന്ന് മന്ത്രി P. രാജീവ് അറിയിച്ചു. മാരിടൈം ലോജിസ്റ്റിക്സ് റൗണ്ട് ടേബിൾ കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കെട്ടിട നികുതി പുതുക്കി നിശ്ചയിച്ചതിനെ തുടർന്ന് ചില കെട്ടിടങ്ങൾക്ക് ഉണ്ടായ കുടിശ്ശിക ബാധ്യതയിലെ പലിശ നിബന്ധനകൾക്ക് വിധേയമായി ഒഴിവാക്കി നൽകാൻ മന്ത്രി M.B രാജേഷ് നിർദേശം നൽകി. കാസർകോട്ട് തദ്ദേശ അദാലത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാലിന്യ നിർമ്മാർജ്ജനത്തിൽ കേരളത്തിൽ പൊതുവിലുണ്ടായ മാറ്റം കാസർകോട്ട് ഉണ്ടാകുന്നില്ലെന്ന് മന്ത്രി വിലയിരുത്തി. മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ കർശന നടപടിയെടുക്കാൻ MB രാജേഷ് നിർദ്ദേശം നൽകി. രാജ്യത്തെ ആദ്യ സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ ജില്ലയായി കാസർകോടിനെ പ്രഖ്യാപിക്കുന്നതിനു മുന്നോടിയായി മലയാളത്തിലും കന്നഡയിലും തയ്യാറാക്കിയ ഡിജിറ്റൽ സാക്ഷരതാ പദ്ധതി കൈപ്പുസ്തകം മന്ത്രി ചടങ്ങിൽ പ്രകാശനം ചെയ്തു.

അദാലത്തിൽ ലഭിച്ച 667 പരാതികളിൽ 651 എണ്ണത്തിൽ തീർപ്പാക്കി. 645 എണ്ണത്തിലും അനുകൂല തീരുമാനമാണുണ്ടായത്. അദാലത്തിൽ നേരിട്ട് കിട്ടിയ 169 പരാതികൾ രണ്ടാഴ്ചക്കകം തീർപ്പാക്കും.

✪✪✪

കണ്ണൂർ ആറളത്തെ ആനമതിൽ നിർമാണം അടുത്ത മാർച്ചോടെ പൂർത്തിയാക്കണമെന്ന് മന്ത്രി O.R കേളു നിർദേശിച്ചു. മനുഷ്യ, വന്യജീവി സംഘർഷത്തിന് പരിഹാരമുണ്ടാക്കാനാണ് ആനമതിൽ പദ്ധതി

നടപ്പാക്കുന്നത്. കണ്ണൂരിൽ പട്ടിക - പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ ജില്ലാതല അവലോകനയോഗത്തിൽ പങ്കെടുക്കുക യായി രുന്നു മന്ത്രി. ആറളം ഫാമിൽ ഹാങ്ങിംഗ് ഫെൻസിംഗ് പദ്ധതിയുടെ സാധ്യത പരിശോധിക്കാൻ വനം വകുപ്പിന് നിർദേശം നൽകിയതായും മന്ത്രി പറഞ്ഞു.

✪✪✪

ഏഴര കോടി രൂപ ചെലവിൽ കോഴിക്കോട് പുതിയാപ്പയിൽ നടപ്പാക്കുന്ന മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ ഭാഗമായി ബോട്ട് റിപ്പയർ യാർഡ് നിർമ്മിക്കുമെന്ന് മന്ത്രി A.K ശശീന്ദ്രൻ അറിയിച്ചു. മാതൃകാ മത്സ്യഗ്രാമം പദ്ധതി ആലോചനായോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. പദ്ധതിയിൽ മത്സ്യവില്പന കിയോസ്കുകളും, കോൾഡ് സ്റ്റോറേജുകളും, വല നെയ്ത്ത്- ഷെഡ് നിർമ്മാണവും ഉൾപ്പെടെ സൗകര്യങ്ങളും ലഭ്യമാക്കും.

മത്സ്യവിൽപനയ്ക്ക് E- സ്കൂട്ടർ ഐസ് ബോക്സ്, കൃത്രിമ പാര്, സീഫുഡ് കിച്ചൺ റസ്റ്റോറന്റ്, സോളാർ ഫിഷ് ഡ്രയർ യൂണിറ്റ്, ഫിഷ് മാർക്കറ്റ് നവീകരണം തുടങ്ങിയ പദ്ധതികളും നടപ്പാക്കും.

✪✪✪

പാരീസ് പാരാലിമ്പിക്സിൽ ആറാം ദിവസം ഇന്ത്യ 5 മെഡലുകൾ നേടി. പുരുഷന്മാരുടെ ഹൈജമ്പ് - T-63 ൽ ശരദ് കുമാർ വെള്ളിയും, മാരിയപ്പൻ തങ്കവേലു വെങ്കലവും നേടി. പുരുഷന്മാരുടെ ജാവലിൻ എഫ് 46 ൽ അജീത് സിംഗ് വെള്ളിയും സുന്ദർ ഗുർജർ വെങ്കലവും നേടി. വനിതകളുടെ 400 മീറ്റർ ടി-20 ഫൈനലിൽ ദീപ്തി ജീവൻജിയ്ക്കും വെങ്കലമുണ്ട്. ഇതോടെ മൂന്ന് സ്വർണവും എട്ട് വെള്ളിയും 9 വെങ്കലവും ഉൾപ്പെടെ ഇന്ത്യയുടെ മെഡലുകളുടെ എണ്ണം 20 ആയി.

പാരീസ് പാരാലിമ്പിക്സിൽ മെഡൽ നേടിയ ഇന്ത്യൻ താരങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി നേരിട്ട് വിളിച്ച് അഭിനന്ദനം അറിയിച്ചു. ഇന്ത്യയുടെ കായികതാരങ്ങളെ ഓർത്ത് അഭിമാനിക്കുന്നുവെന്ന് സാമൂഹ്യ മാധ്യമ പോസ്റ്റിൽ മോദി പറഞ്ഞു.

✪✪✪

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മാറ്റിവെച്ച 70-ാമത് നെഹ്റു ട്രോഫി വള്ളംകളി ഈ മാസം 28ന് നടത്താൻ തീരുമാനിച്ചു. പുന്നമടക്കായലിൽ മുഖ്യമന്ത്രി പിണറായി വിജയൻ മത്സരം ഉദ്ഘാടനം ചെയ്യും. ഇന്നലെ കലക്ട്രേറ്റിൽ ചേർന്ന നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലാണ് തീരുമാനം.

ചാമ്പ്യൻസ് ബോട്ട് ലീഗ് ഒഴിവാക്കിയതുമൂലം ഉണ്ടായ ബാധ്യത നികത്താൻ സഹായം നൽകുന്നകാര്യം പരിഗണിക്കാൻ വിഷയം ടൂറിസം വകുപ്പിന്റെ

ശ്രദ്ധയിൽ പെടുത്തുമെന്ന് യോഗത്തിൽ ഓൺലൈനായി പങ്കെടുത്ത മന്ത്രി P പ്രസാദ് അറിയിച്ചു. നിലവിൽ ടിക്കറ്റെടുത്തവർക്ക് അതുപയോഗിച്ച് വള്ളം കളി കാണാൻ അവസരമൊരുക്കും.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് രണ്ട് മത്സരങ്ങൾ നടത്തും. ഉച്ചയ്ക്ക് രണ്ടരയ്ക്ക് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ്, കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെ നേരിടും.

വൈകിട്ട് 6.45 ന് രണ്ടാം മത്സരത്തിൽ ഏരീസ് കൊല്ലം സെയ്ലേഴ്സ്, തൃശൂർ ടൈറ്റൻസിനെ നേരിടും.

ഇന്നലെ ആലപ്പി റിപ്പിൾസ്, ലീഗിൽ രണ്ടാം വിജയം നേടി. ട്രിവാൻഡ്രം റോയൽസിനെയാണ് അവർ തോൽപ്പിച്ചത്. നേരത്തെ ആദ്യമത്സരത്തിൽ ഏരീസ് കൊല്ലം സെയ്ലേഴ്സ്, കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെ തോൽപ്പിച്ചിരുന്നു.

✪✪✪

ഹരിത കേരള മിഷന്റെ ' തെങ്ങിന് തടം, മണ്ണിന് ജലം ' ക്യാമ്പയിൻ വൈകിട്ട് തിരുവനന്തപുരത്ത് മന്ത്രി P പ്രസാദ് ഉദ്ഘാടനം ചെയ്യും. വിള പരിപാലനത്തോടൊപ്പം മഴവെള്ളം മണ്ണിലേക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പയിൻ സംഘടിപ്പിച്ചിരിക്കുന്നത്. കാലവർഷത്തിലെ അവസാന മഴയും, തുലാവർഷവും പരമാവധി സംഭരിക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം.

✪✪✪

റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് ഗവൺമെന്റ് പ്രത്യേക പരിഗണനയാണ് നൽകുന്നതെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. മേൽപ്പാല നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് രൂപീകരിച്ച റോഡ്സ് & ബ്രിഡ്ജസ് കോർപറേഷൻ 73 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ ആറെണ്ണം പൂർത്തിയായെന്നും മന്ത്രി കണ്ണൂരിൽ പറഞ്ഞു. ചാലയെയും തോട്ടടയേയും ബന്ധിപ്പിക്കുന്ന ചാല കട്ടിംഗ് റെയിൽവേ മേൽപ്പാലം നിർമ്മാണ പ്രവൃത്തി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

നടൻ പ്രേംകുമാറിന് സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാന്റെ താത്ക്കാലിക ചുമതല നൽകി. നിലവിൽ അക്കാദമി വൈസ് ചെയർമാനായ അദ്ദേഹത്തിന് രഞ്ജിത്ത് രാജിവെച്ച ഒഴിവിലാണ് താത്ക്കാലിക ചുമതല നൽകിയത്.

✪✪✪

നേര്യമംഗലം സ്വദേശിനിയെ ദുബായിലെത്തിച്ച് പീഡിപ്പിച്ചെന്ന പരാതിയിൽ നടൻ നിവിൻപോളി ഉൾപ്പടെ ആറ് പേർക്കെതിരെ ഊന്നുകൽ പോലീസ് കേസെടുത്തു. ജോലി വാഗ്ദാനം ചെയ്ത് യുവതിയെ കൊണ്ടുപോയ സ്ത്രീ അടക്കം മറ്റ് അഞ്ച് പേർക്കെതിരെയാണ് പീഡനം, സ്ത്രീത്വത്തെ അപമാനിക്കൽ എന്നീ കുറ്റങ്ങൾക്ക് കേസെടുത്തത് .

✪✪✪

താരദമ്പതികൾ ഫ്ളാറ്റിൽ പെൺകുട്ടികളെ ലഹരി മരുന്ന് നൽകി പീഡനത്തിന് വിധേയരാക്കുന്നുവെന്ന ഗായിക സുചിത്രയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അന്വേഷണം ആവശ്യപ്പെട്ട് യുവമോർച്ച കൊച്ചി സിറ്റി പോലീസ് കമ്മീഷണർക്ക് പരാതി നൽകി. ആരോപണം അത്യന്തം ഗുരുതരമാണെന്നും ശക്തമായ നടപടി സ്വീകരിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് കുടുംബശ്രീയുടെ ഓണച്ചന്തകൾക്ക് ചൊവ്വാഴ്ച തുടക്കമാകും. പത്തനംതിട്ടയിൽ മന്ത്രി M.B രാജേഷ് ഓണച്ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കും. 2,154 വിപണന മേളകളാണ് കുടുംബശ്രീ സംഘടിപ്പിക്കുന്നത്. സൂക്ഷ്മ സംരംഭ മേഖലയിലെ ഉൽപന്നങ്ങൾക്ക് പ്രാധാന്യം നൽകുന്ന മേള ഈ മാസം 14-ന് സമാപിക്കും.

✪✪✪

തൃശൂർ മരത്താക്കരയിൽ പുലർച്ചെ ഫർണീച്ചർ കടയിൽ വൻ തീപിടിത്തമുണ്ടായി. അഗ്നിരക്ഷാ സേനയുടെ അഞ്ച് യൂണിറ്റുകൾ തീയണയ്ക്കാൻ ശ്രമിച്ചുവരികയാണ്.

✪✪✪